## ആരാധനാലയങ്ങൾക്കുള്ള ആശീർവാദം

പരമാത്മാവെ, ദൈവീക തന്ത, ദൈവീക തായ്, എന്റെ ഉന്നതാത്മാവേ, സഹായികളെ, അദ്ധ്യാപകരേ, എന്റെ ആത്മീയ വഴി കാട്ടികളെ, സഹായികളെ, അദ്ധ്യാപകരേ, എല്ലാ സൗഖ്യ മാലാഖമാരെ, ദൈവിക ജീവികളെ, ശ്രേഷ്ഠ കർമ്മ സമിതികളെ,

ദൈവമേ, ഇവിടം അങ്ങയുടെ ആശീർവാദം ചൊരിയാനുള്ള ഒരു ഉപകരണമായിരിക്കാൻ അങ്ങയുടെ ദൈവികാനുഗ്രഹത്തിന് ഞാൻ താഴ്മയോടെ പ്രാർത്ഥിക്കുന്നു. അതിനു വേണ്ട മാർഗ്ഗ ദർശനവും സുരക്ഷയും എനിക്ക് നൽകേണമേ.

ഞാൻ അതു തന്നെയായ ഞാൻ ആകുന്നു

അനന്തമായ ദൈവിക വെളിച്ചം കൊണ്ട് ഇവിടം സമൃദ്ധമായിത്തീരട്ടെ. ആ ദൈവിക വെളിച്ചം, ദൈവികാഗ്നിയായി എല്ലാ പ്രതികൂല ഊർജ്ജത്തെയും, ദൈവിക വെളിച്ചമാക്കി മാറ്റേണമേ ആ ദൈവികാഗ്നി ഒരു പ്രളയമായി ഇവിടം മുഴുവൻ നിറയട്ടെ. അഗ്നി, അഗ്നി, അഗ്നി, അങ്ങനെ ദൈവികാഗ്നി മാത്രം

അനന്തമായ ദൈവിക സ്നേഹത്താലും, ദൈവിക കരുണയാലും ദൈവിക അനുകമ്പയാലും, അനന്തമായ സൗഖ്യ ഊർജ്ജത്താലും, അനന്തമായ ഐശ്വര്യത്താലും, അനന്തമായ സന്തോഷത്താലും, അനന്തമായ ദൈവിക അനുരഞ്ജനത്താലും, ആത്മീയതയാലും, പരമാനന്ദത്താലും ഇവിടം അനുഗ്രഹീതമായിത്തീരട്ടെ. ദയവായി എല്ലാ സംശയങ്ങളും ഭയവും ഇല്ലാതാക്കൂ.

സുഖപ്പെടുവാൻ ആഗ്രഹിച്ച് ഇവിടെ വരുന്നവർ സൗഖ്യമായിരിക്കട്ടെ. ജ്ഞാനത്താലും അറിവിനാലും എല്ലാവരും അനുഗ്രഹീതരാവട്ടെ. എല്ലാ ദുഃഖവും, സന്തോഷത്താലും ആനന്ദത്താലും ഇല്ലാതാവട്ടെ. എല്ലാവരും ഐശ്വര്യത്താൽ അനുഗ്രഹീതരാവട്ടെ. പങ്കുവെയ്ക്കാനും ദാനം ചെയ്യാനുമുള്ള മനോഭാവം എല്ലാവരിലും ഉണ്ടാകവട്ട. സമത്വം നിലനിൽക്കട്ടെ. സമാധാനവും ഐക്യവും ഒരുമയും എല്ലാ ഹൃദയങ്ങളിലും നിറയട്ടെ.

ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാ ദൈവിക ജീവജാലങ്ങളും, അനന്തമായ ദൈവിക വെളിച്ചത്താലും, ദൈവിക ഊർജ്ജത്താലും, ദൈവിക സ്നേഹത്താലും, ദൈവീക കരുണയാലും, ദൈവീകാനുകമ്പയാലും, ദൈവീക ജ്ഞാനത്താലും, ദൈവീക അറിവിനാലും, ആത്മീയതയാലും അനുഗ്രഹീതമായിരിക്കട്ടെ.

സംരക്ഷകർ ശുദ്ധ സത്യസന്ധമായ സേവനത്താലും, മാർഗ്ഗ ദർശനത്താലും അനുഗ്രഹീതരാവട്ടെ.

ദൈവമേ, നന്ദി, നന്ദി, നന്ദി

Copyright © All rights reserved


## അവയവങ്ങളോടുള്ള ക്ഷമാപണം

(അവയവത്തിന്റെ പേര്) നീ എന്റെ ശരീരത്തിൽ എവിടെ സ്ഥിതി ചെയ്യുന്നു എന്ന് ....................... വർഷങ്ങൾക്കു ശേഷം ഞാൻ മനസ്സിലാക്കി. നന്ദി.

നിന്നെ കുറിച്ച് ഞാൻ മനസ്സിലാക്കിയില്ലെങ്കിലും നീ എന്നെ പരിപാലിച്ചുകൊണ്ടിരുന്നു. രാവും, പകലും എനിക്ക് വേണ്ടി നീ കഠിനാധ്വാനം ചെയ്തു. നിനക്കിഷ്ടമല്ലാത്ത പല കാര്യങ്ങളും ചെയ്ത് നിന്നെ ഞാൻ ഒരുപാട് കഷ്ടപ്പെടുത്തി. ദയവായി എന്നോട് ക്ഷമിച്ചാലും.

എനിക്കു നിന്നെ ആവശ്യമാണ്. അറിഞ്ഞോ, അറിയാതെയോ ഞാൻ നിനക്ക് ഹാനി വരുത്തിയിട്ടുണ്ടെങ്കിൽ, എന്നോട് ദയവായി ക്ഷമിക്കുക. ഇപ്പോൾ മുതൽ ഞാൻ നിന്നെ പരിപാലിച്ചു കൊള്ളാം.

നിനക്ക് ഹാനികരമായ............ഇനി മുതൽ ഞാൻ ഉപയോഗിക്കില്ല.

ദയവായി എന്റെ ജീവിതാവസാനം വരെ എന്നോടൊപ്പം ഉണ്ടായിരിക്കണം.

എനിക്ക് നിന്നെ വേണം. ഞാൻ നിന്നെ സ്നേഹിക്കുന്നു. ഇപ്പോൾ നിനക്ക് ഏറ്റവും ഹാനികരം ആയത് എന്താണ് എന്ന് എനിക്ക് മനസ്സിലായി. ഇന്നു മുതൽ ഞാൻ നിന്നെ വളരെ നന്നായി പരിപാലിച്ചു കൊള്ളാം.

എന്റെ ആരോഗ്യം സംരക്ഷിച്ചതിന് നന്ദി.

നന്ദി നന്ദി നന്ദി.

**<u>ഉദാഹരണം: 35 വയസ്സുള്ള വ്യക്തിയുടെ ആഗ്നേയഗ്രന്ഥി അഥവാ പാൻക്രിയാസിനോടുള്ള ക്ഷമാപണം.</u>**

പാൻക്രിയാസ്, നീ എന്റെ ശരീരത്തിൽ എവിടെ സ്ഥിതി ചെയ്യുന്നു എന്ന് 35 വർഷങ്ങൾക്കു ശേഷം ഞാൻ മനസ്സിലാക്കി. നന്ദി

നിന്നെ ഞാൻ മനസ്സിലാക്കിയില്ലെങ്കിലും നീ എന്നെ പരിപാലിച്ചു. എനിക്ക വേണ്ടി രാവും പകലും നീ കഠിനാധ്വാനം ചെയ്തു. നീ ഇഷ്ടപ്പെടാത്ത നിരവധി കാര്യങ്ങൾ വർഷങ്ങളായി ചെയ്തു കൊണ്ട് നിന്നെ ഞാൻ വിഷമത്തിലാക്കി. ദയവായി എന്നോട് ക്ഷമിച്ചാലും.

എനിക്ക് നിന്നെ വേണം. അറിഞ്ഞോ അറിയാതേയോ ഏതെങ്കിലും വിധത്തിൽ നിനക്ക് ഹാനി വരുത്തിയിട്ടുണ്ടെങ്കിൽ എന്നോട് ക്ഷമിച്ചാലും. ഇപ്പോൾ മുതൽ നിന്നെ ഞാൻപരിപാലിച്ചു കൊള്ളാം. ഞാൻ ഇനി മുതൽ പഞ്ചസാര, മധുരപലഹാരങ്ങൾ, അമിതമായ കാർബോഹൈഡ്രേറ്റ് എന്നിവ ഉപയോഗിക്കില്ല. എന്റെ ജീവിതാവസാനം വരെ എന്നോടൊപ്പം ഉണ്ടാകണം.

എനിക്ക് നിന്നെ വേണം. ഞാൻ നിന്നെ സ്നേഹിക്കുന്നു. ഇന്നുമുതൽ നിന്നെ ഞാൻ പരിപാലിക്കും. നിനക്ക് ഹാനികരമായ വസ്തുക്കൾ ഏതൊക്കെ എന്ന് ഇപ്പോൾ എനിക്ക് അറിയാം.

എന്റെ ആരോഗ്യം കാത്തു സൂക്ഷിച്ചതി ന്നന്ദി.

നന്ദി നന്ദി നന്ദി.

Copyright © All rights reserved

## നിങ്ങൾ ഉറക്കത്തിൽ അറിവ് നേടുവാനായിട്ടുള്ള ദൃഢപ്രതിജ്ഞ

പരമാത്മാവെ,
ദൈവീക തന്ത, ദൈവീക തായ്,
എന്റെ ഉന്നതാത്മാവേ, എന്റെ
ആത്മീയ വഴികാട്ടികളെ,
അധ്യാപകരെ,
എന്റെ ഇന്നത്തെ ഉറക്കത്തിൽ എനിക്ക്
......................................
(പഠിക്കാൻ ആഗ്രഹിക്കുന്നതെന്ന്
പറയുക) പഠിക്കുവാനായി എന്റെ
സൂക്ഷ്മദേഹത്തെ ഉചിതമായ
സൂക്ഷ്മാകാശ വിദ്യാലയത്തിലേക്ക്
നയിക്കാനാവിശ്യമായ
മാർഗനിർദേശവും, സംരക്ഷണവും
നൽകണമേ എന്ന് അപേക്ഷിക്കുന്നു

നന്ദി നന്ദി നന്ദി.

സുഖകരമായ രീതിയിൽ കിടന്നുറങ്ങുക, നിങ്ങളുടെ കണ്ണുകളടച്ചു, ശ്വാസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. സാവധാനത്തിലും, ആഴത്തിലുമായി ശ്വസനം നടത്തുക നിങ്ങൾ രാവിലെ ഉണരുമ്പോൾ ദയവായി ഈ അധ്യാപനത്തിന് ന്നന്ദി, നന്ദി, നന്ദി എന്ന് പറയുക.

Copyright © All rights reserved

# ആത്മീയ ദൃഢപ്രതിജ്ഞകൾ

### ഓരോരുത്തരുടേയും ആത്മീയ ഊർജം വർദ്ധിപ്പിക്കാനും, നമ്മുടെ ഉന്നതാത്മാവുമായി ബന്ധപ്പെടാനുമുള്ള ദൃഢപ്രതിജ്ഞകൾ

**Spiritual Affirmation**
**(MALAYALAM)**

www.pranaviolethealing.com

Copyright © All rights reserved

(ഇതു വായിക്കുമ്പോൾ ദൈവികാഗ്നി നിങ്ങളിലേക്ക് അടുക്കാനും, വലയം ചെയ്യാനും അനുവദിക്കുക)

**ഞാൻ ദൈവികാഗ്നിയാണ്
ഞാൻ ദൈവം അഗ്രഹിക്കുന്ന
വിശുദ്ധിയാണ്**
(ഒരേ സമയം 5 പ്രാവിശ്യം
പറയുക,ആവശ്യാനുസരണം പറയുക)

**എന്റെ ആത്മാവ് ദൈവികാഗ്നിയാണ്
എന്റെ ആത്മാവ് ദൈവം അഗ്രഹിക്കുന്ന
വിശുദ്ധിയാണ്**
(ഒരേ സമയം 5 പ്രാവിശ്യം
പറയുക,ആവശ്യാനുസരണം പറയുക)

(ഈ രണ്ട് വരികൾ നിങ്ങളുടെ വീട്, ജോലിസ്ഥലം, ഗ്രാമം, നഗരം, രാജ്യം, കുട്ടികൾ, ഭർത്താവ്, ഭാര്യ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിക്കും വേണ്ടി നിങ്ങൾക്ക് പറയാവുന്നതാണ്)

**ഉദാഹരണം:**

എന്റെ വീട് ദൈവികഗ്നിയുടെ സ്ഥലമാണ്
എന്റെ വീട് ദൈവം അഗ്രഹിക്കുന്ന
വിശുദ്ധിയാണ് (3 തവണ പറയുക)

ഇവ 3 തവണ വീതം പറയുക:

ഭൂമി, ആകാശം, സമുദ്രങ്ങളിലെ പ്രകൃതി
ജീവികൾ ദൈവികാഗ്നിയാണ്
ഭൂമി, ആകാശം, സമുദ്രങ്ങളിലെ പ്രകൃതി
ജീവികൾ ദൈവം അഗ്രഹിക്കുന്ന
വിശുദ്ധിയാണ് (3 തവണ പറയുക)

ഭൂമാതാവ് ദൈവികാഗ്നിയുടെ ഗ്രഹമാണ്
ഭൂമാതാവ് ദൈവം അഗ്രഹിക്കുന്ന
വിശുദ്ധിയാണ് (3 തവണ പറയുക)

നമ്മുടെ ചന്ദ്രൻ ദൈവികാഗ്നിയുടെ
പ്രപഞ്ചഗോളമാണ്
നമ്മുടെ ചന്ദ്രൻ ദൈവം അഗ്രഹിക്കുന്ന
വിശുദ്ധിയാണ് (3 തവണ പറയുക)

നമ്മുടെ സൂര്യൻ ദൈവികാഗ്നിയുടെ
നക്ഷത്രമാണ്
നമ്മുടെ സൂര്യൻ ദൈവം അഗ്രഹിക്കുന്ന
വിശുദ്ധിയാണ് (3 തവണ പറയുക)

Copyright © All rights reserved


## ഞാൻ

ഞാൻ ഈ ഭൗതിക ശരീരമല്ല
ഞാൻ അതു തന്നെയായ ഞാൻ ആകുന്നു
(7 സെക്കന്റ് നിശ്ശബ്ദമായി ഇരിക്കുക)

ഞാൻ ഈ തെറ്റായ വികാരമല്ല
ഞാൻ അതു തന്നെയായ ഞാൻ ആകുന്നു
(7 സെക്കന്റ് നിശ്ശബ്ദമായി ഇരിക്കുക)

ഞാൻ ഈ തെറ്റായ ചിന്തയല്ല
ഞാൻ അതു തന്നെയായ ഞാൻ ആകുന്നു
(7 സെക്കന്റ് നിശ്ശബ്ദമായി ഇരിക്കുക)

ഞാൻ ഈ അസ്വസ്ഥമായ മനസ്സല്ല
ഞാൻ അതു തന്നെയായ ഞാൻ ആകുന്നു
(7 സെക്കന്റ് നിശ്ശബ്ദമായി ഇരിക്കുക)

ഞാൻ ഒരു ആത്മാവാണ്
എന്റെ ശരീരം എന്റെ ആത്മാവിന്റെ
ആരാധനാലയമാണ്

ഞാൻ ദൈവിക ജ്വാലയാണ്
ദൈവമാണ് എന്റെ സൃഷ്ടാവ്
ഞാൻ ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നു

ഞാൻ എന്റെ കർമ്മത്തെ ദിനം തോറും
സന്തുലിതമാക്കുന്നു,

ഞാൻ ഈ ദൈവിക പാതയും, പദ്ധതിയും
സ്വീകരിക്കുന്നു,

ഞാൻ ശരീരത്തിലും, മനസ്സിലും,
ആത്മാവിലും പ്രകടമാകുന്ന ദൈവത്തിന്ടെ
പൂർണതയാണ്,

ഞാൻ ദൈവത്തിന്റെ വിശുദ്ധിയും
സമാനതയുമാണ്

ഞാൻ ദൈവം അഗ്രഹിക്കുന്ന വിശുദ്ധിയാണ്

ഞാൻ അതു തന്നെയായ ഞാൻ ആകുന്നു
ഞാൻ അതു തന്നെയായ ഞാൻ ആകുന്നു
ഞാൻ അതു തന്നെയായ ഞാൻ ആകുന്നു

ഞാൻ ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നു
ഞാൻ എല്ലാവരുമായും ബന്ധപ്പെട്ടിരിക്കുന്നു

Copyright © All rights reserved


## ഞാൻ വെളിച്ചമാണ്

ഞാൻ വെളിച്ചമാണ്, തിളങ്ങുന്ന വെളിച്ചം,
ജ്വലിച്ചു പ്രസരിച്ചു കൊണ്ടിരിക്കുന്ന
വെളിച്ചം, തീവ്ര വെളിച്ചം

ദൈവം എന്നിലെ അന്ധകാരത്തെ നീക്കി
വെളിച്ചമയമാക്കുന്നു.

ഈ ദിവസം ഞാൻ കേന്ദ്രസൂര്യന്റെ
ദൃഷ്ടികേന്ദ്രമാണ്, എന്നിലൂടെ ഒഴുകുന്നത്
ഒരു സ്ഫടിക നദിയാണ്, മനുഷ്യന്റെ
ചിന്തകൾക്കും വികാരങ്ങൾക്കും
അതീതമായ ആ വെളിച്ചത്തിന്റെ ജീവനുള്ള
ഉറവ.

ഞാൻ  ദൈവീകതയുടെ താവളമാണ്

എന്നെ ഉപയോഗിച്ച അത്തരം
അന്ധകാരത്തെ ഞാൻ എന്ന വെളിച്ചത്തിന്റെ
ശക്തമായ നദി ആഗിരണം ചെയ്യുന്നു

ഞാൻ വെളിച്ചമാണ്, ഞാൻ വെളിച്ചമാണ്,
ഞാൻ വെളിച്ചമാണ്

ഞാൻ വെളിച്ചത്തിനുള്ളിൽ ജീവിക്കുന്നു
(3 തവണ)

ഞാൻ വെളിച്ചത്തിൻടെ
പൂർണ്ണവ്യാപ്തിയാണ്
ഞാൻ വെളിച്ചത്തിൻടെ ഉദ്ദേശ ശുദ്ധിയാണ്
ഞാൻ വെളിച്ചമാണ്, വെളിച്ചമാണ്,
വെളിച്ചമാണ്

ഞാൻ ലോകം മുഴുവനും പ്രവഹിക്കുകയും,
ശക്തിപ്പെടുത്തുകയും, അനുഗ്രഹിക്കുകയും,
ദൈവലോകത്തിന്റെ ഉദ്ദേശം
പ്രചരിപ്പിക്കുകയും ചെയ്യുന്നു.

ഞാൻ വെളിച്ചമാണ്, വെളിച്ചമാണ്,
വെളിച്ചമാണ്

Copyright © All rights reserved


## ഭൂമാതാവിനുള്ള ആശീർവാദം

പരമാത്മാവെ, ദൈവീക തന്ത,
ദൈവീക തായ്, എന്റെ ഉന്നതാത്മാവേ,
എന്റെ ആത്മീയ വഴികാട്ടികളെ,
സഹായികളെ, അദ്ധ്യാപകരേ,
എല്ലാ സൗഖ്യ മാലാഖമാരെ, ഭൂമാതാവിന്റെ
സംരക്ഷകരെ,
ഭൂമാതാവിലുള്ള സകല പ്രകൃതിജീവികളെ,
ശ്രേഷ്ഠ കർമ്മ സമിതികളെ,

ദൈവമേ, ഭൂമാതാവിനെ ആശീർവദിക്കാനുള്ള
അങ്ങയുടെ ഒരു ഉപകരണമാകുവാന് എനിക്ക്
ദൈവിക ആനുഗ്രഹം നൽകണമേ എന്ന്
ഞാൻ വിനീതമായി പ്രാർത്ഥിക്കുന്നു.

അതിനു വേണ്ട മാർഗ്ഗ ദർശനവും
സംരക്ഷണവും നൽകേണമേ.

ഞാൻ അതു തന്നെയായ ഞാൻ ആകുന്നു

ഭൂമാതാവിൽ ദൈവിക വെളിച്ചവും, ദൈവിക
ശക്തിയും, ദൈവിക ജ്ഞാനവും നിറയട്ടെ.
ദൈവിക വെളിച്ചം, ഭുമാതാവിന്റെ ഏകത്വവും,
ഒരുമയും ഇല്ലാതാക്കുന്ന എല്ലാ പ്രതികൂല
ഊർജ്ജത്തെയും എരിച്ചു കളയട്ടെ.
ഭൂമാതാവിൽ സമാധാനവും, സന്തുലനവും
നിറയട്ടെ.

ഭൂമാതാവ് ഭക്ഷണം, ജലം ധനം എന്നിവയാൽ
സമൃദ്ധമായി ഇരിക്കട്ടെ
ഭൂമാതാവിൽ നവചൈതന്യം ആർജ്ജിക്കട്ടെ.
എല്ലാ സചേതനങ്ങളും സ്നേഹം, ദയ,
കരുണ, ആനന്ദം, ആത്മീയത എന്നിവയാൽ
സമൃദ്ധമായിരിക്കട്ടെ.

ഭൂമാതാവിടത്തു ദൈവിക തീജ്വാലയെ കാത്തു
സൂക്ഷിക്കുന്ന എല്ലാവരും ദൈവിക
വെളിച്ചത്താലും, ദൈവിക ശക്തിയാലും,
ദൈവിക ജ്ഞാനത്താലും, ദൈവിക
അറിവിനാലും അനുഗ്രഹിക്കപ്പെടട്ടെ.

ദൈവമേ, സംശയങ്ങളിൽനിന്നും, ഭയത്തിൽ
നിന്നും എല്ലാവരേയും മുക്തരാക്കി ഏകത്വം
നിലനിർത്തനമേ.

ദൈവമേ നന്ദി നന്ദി നന്ദി

Copyright © All rights reserved